പഴം പച്ചക്കറികളുടെ ഗുണനിലവാരം

69 (6774) ശ്രീ. എ. കെ. ബാലൻ :
ശ്രീ. സാജു പോൾ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തേക്ക് വരുന്ന പച്ചക്കറികൾ ഉല്പാദിപ്പിക്കുന്ന അന്യസംസ്ഥാനങ്ങളിലെ ഉല്പാദനകേന്ദ്രങ്ങളിൽത്തന്നെ ഇടപെടുന്നതിനും അപകടകരമായ രാസവസ്തുക്കൾ കൃഷിക്ക് ഉപയോഗിക്കുന്നില്ലെന്നുറപ്പാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെവരുന്ന എല്ലാ ഭക്ഷ്യോൽപന്നങ്ങളും കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ നമ്മുടെ സംസ്ഥാനം ഭക്ഷ്യോൽപ്പന്നങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കുന്നതിനാൽ മറ്റുള്ള സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുമായി ഇതുസംബന്ധിച്ച് നിരന്തര ആശയവിനിമയം നടത്തുന്നുണ്ട്. കൂടുതൽ പരിശോധനകൾക്കായി ഒരു സംഘം ഉദ്യോഗസ്ഥർ കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ നേരിട്ട് ഇതിനകം സന്ദർശിച്ചിട്ടുണ്ട്.

ഭക്ഷ്യമേഖലകളിലെ തൊഴിലാളികൾക്കും സംരംഭകർക്കും പരിശീലന ക്ലാസ്സുകൾ

70 (6775) ശ്രീ. വർക്കല കഹാർ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യമേഖലകളിലെ തൊഴിലാളികൾക്കും സംരംഭകർക്കും പരിശീലന ക്ലാസ്സുകൾക്കായി ഭക്ഷ്യസുരക്ഷാ വകുപ്പ് പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആരെല്ലാമാണ് പദ്ധതിയുടെ പ്രവർത്തനവുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഭക്ഷ്യമേഖലകളിലെ തൊഴിലാളികൾക്കും സംരംഭകർക്കുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് വിപുലമായ പരിശീലനം ഇതിനകംതന്നെ നൽകിയിട്ടുണ്ട്. കൂടാതെ പുതിയതായി ഉണ്ടാകുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചും പരിശീലന പദ്ധതികൾ സംഘടിപ്പിക്കാറുണ്ട്. വ്യാപാരമേഖലയിലെ വിവിധ സംഘടനകൾ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പങ്കെടുത്ത് പരിശീലനം നൽകാറുണ്ട്.

(ബി) 2006-ലെ ഭക്ഷ്യസുരക്ഷാ നിയമത്തെക്കുറിച്ചും അനുബന്ധ ചട്ടങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുകയെന്നുള്ളതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. നിയമത്തെക്കുറിച്ച് വ്യക്തമായ അവബോധം സൃഷ്ടിക്കുകവഴി ആയത് പാലിക്കുവാനുള്ള പ്രേരണ ലഭിക്കുകയും ആയതുവഴി മായം ചേർക്കാത്തതും ഗുണനിലവാരം ഉറപ്പുവരുന്നതുമായ ഭക്ഷണം പൊതുജനങ്ങൾക്ക് ഉറപ്പാക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) ഹോട്ടലുകൾ, ബേക്കറികൾ, കാന്റീനുകൾ, തട്ടുകടകൾ മറ്റ് ഭക്ഷണവ്യാപാര വിതരണ കേന്ദ്രങ്ങളുൾപ്പെടെ എല്ലാ ഭക്ഷ്യോൽപ്പാദന വിതരണ വിൽപ്പന കേന്ദ്രങ്ങളും ആയതുമായി ബന്ധപ്പെട്ട വിവിധ സംഘടനകളും പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. കൂടാതെ ഇത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുന്നതടക്കമുള്ള നടപടി പരിശോധിച്ച് വരികയാണ്.

(ഡി) സംസ്ഥാന വ്യാപകമായി ഭക്ഷ്യസുരക്ഷാ വകുപ്പും വിവിധ സംഘടനകളുമായി ചേർന്നും 3500-ളോം പരിശീലന പരിപാടികൾ ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളുടെ അവബോധത്തിനായി ദൂരദർശനിൽ പ്രക്ഷേപണം ചെയ്യുന്നതിനായി ഒരു ലഘുചിത്രം തയ്യാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ഒരു ഡോക്യുമെന്ററി നിർമ്മിച്ചുവരികയുമാണ്.

ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും ശുചിത്വ മാനദണ്ഡം

71 (6776) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും കർശന ശുചിത്വ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly